## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 584** **04.02.2020 ൽ മറുപടിക്ക്**

## ഖാദിമേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഖാദിമേഖല നേരിടുന്ന പ്രശ്നം ആവശ്യത്തിനു ഖാദി ഉല്പാദനം നടത്തുവാൻ കഴിയാത്തതും, തൊഴിലാളികൾക്കു മികച്ച വേതനം ലഭ്യമാക്കുവാൻ കഴിയാത്തതുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ, അതു പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിനും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂല്പിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. ഈ വർഷം മിനിമം വേതനമിനത്തിൽ 21 കോടി രൂപയും ഉൽപ്പാദന ഇൻസെന്റീവ് ഇനത്തിൽ 5 |

കോടി രൂപയും ഖാദി തൊഴിലാളികൾക്ക് സർക്കാർ നൽകുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | പരമ്പരാഗത ചർക്കകളുടെയും, തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഖാദി ഗ്രാമ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും പഴയ ചർക്കകൾക്കും തറികൾക്കും പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. |
| (സി) | പരമ്പരാഗത ഖാദി ഉല്പന്നങ്ങൾക്ക് ഭീഷണിയാകുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കള്ള ഖാദി വസ്ത്രങ്ങളാണെന്നിരിക്കേ, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദിവസ്ത്രങ്ങൾ പ്രത്യേക ബ്രാൻഡ് നെയിമിൽ വിൽക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; | (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് പ്രത്യേക ബ്രാൻഡ് നെയിം നൽകുവാൻ സാധിക്കില്ല. ഖാദി ഉല്പാദനവും വിപണനവും, കേന്ദ്ര ഖാദി കമ്മീഷന്റെ സർട്ടിഫൈഡ് സ്ഥാപനങ്ങൾക്ക് മാത്രമേ നടത്താൻ കഴിയൂ. ആയതിനാൽ സംസ്ഥാനങ്ങൾക്ക് ഖാദിക്ക് പ്രത്യേക ബ്രാൻഡ് നെയിം കൊടുക്കാൻ കഴിയുന്നതല്ല. |
| (ഡി) | കേരളത്തിലെ ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിബേറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കേരളത്തിലെ ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി പുതുതായി സ്പെഷ്യൽ റിബേറ്റ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ എല്ലാ ഖാദി തുണിത്തരങ്ങൾക്കും അനുവദിച്ചു വന്നിരുന്ന 10% സ്പെഷ്യൽ റിബേറ്റ് 24.12.2018-ന് ശേഷം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് ഖാദിയുടെ ആഭ്യന്തര ഉൽപാദനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഈ വർഷം സംസ്ഥാന സർക്കാർ റിബേറ്റിനത്തിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |

Rdlbdln

സെക്ഷൻ ഓഫീസർ